**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2557** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.-യിൽ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തതിനെതിരെയുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് മുൻ വൈദ്യുതി മന്ത്രിയുടെ അഡീ. പ്രൈവറ്റ് സെക്രട്ടറിയായിരിക്കെ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് അനധികൃതമായി ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇദ്ദേഹത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും ഇതിനായി നോട്ടീസ് നൽകിയിട്ടുണ്ടോയെന്നും അറിയിക്കാമോ; ഉണ്ടെങ്കിൽ നഷ്ടപരിഹാര തുക ഈടാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ മാനദണ്ഡമനുസരിച്ചുള്ള നഷ്ടപരിഹാരം ഈടാക്കാൻ തീരുമാനിക്കുകയും കെ.എസ്.ഇ.ബി. എൽ. വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ നഷ്ടപരിഹാരത്തുക ഈടാക്കാൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത നോട്ടീസിന് കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡന്റ് മറുപടി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ; | (സി) | മറുപടി നൽകിയിട്ടുണ്ട്. മറുപടി കെ.എസ്.ഇ.ബി.എൽ. - ലെ നിയമ വിഭാഗം പരിശോധിച്ചുവരുന്നു. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി തീരുമാനം എടുക്കുന്നതാണ്. |
| (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി.-യിൽ വ്യാപകമായ ക്രമക്കേടും അധികാര ദുർവിനിയോഗവും നടന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ഉചിത തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ